**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4141 16.12.14 ലെ മറുപടിക്ക്**

## "വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെ വരുമാനം"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളുടെ എണ്ണം എത്ര; എത്ര ജീവനക്കാരെ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണങ്ങൾക്കായി നിയോഗിച്ചിട്ടുണ്ട്; ഇവരുടെ പ്രവർത്തനത്തിന് പുറമെ മറ്റ് അന്വേഷണവും നികുതി തട്ടിപ്പും കണ്ടെത്തുന്നതിനുമായി എത്ര ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | എ.ബി.സി.ക്ലാസുകളിലായി 81 ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നു. ചെക്ക്പോസ്റ്റുകളുടെ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി 45 സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ മൂന്ന് സർവലൻസ് സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇവരുടെ പ്രവർത്തനം പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇവരിൽ വീഴ്ച, അഴിമതി തുടങ്ങിയ ക്രമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ ഓരോ വർഷവും ഇത്തരത്തിൽ എത്ര പേരെ കണ്ടെത്തി; ഇതിൽ അന്വേഷണ വിധേയമായി സസ്പെൻഷൻ, കടുത്ത ശിക്ഷ എന്നിവ ലഭിച്ച ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വഹിച്ച പദവി എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്, ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 24 ജീവനക്കാരെ ഇതുവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട് (ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു) കടുത്ത ശിക്ഷ ലഭിച്ച ഉദ്യോഗസ്ഥന്മാരുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ഈ അവസരത്തിൽ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിലെ നികുതി ചോർച്ച കണ്ടെത്തി ധനസമാഹരണം കുറ്റമറ്റതാക്കാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വെളിപ്പെടുത്തുമോ; | (സി) | ചെക്ക്പോസ്റ്റുകളിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ ചെക്ക്പോസ്റ്റുകളിലും 300 കിലോഗ്രാം വരെ തൂക്കാവുന്ന വെയിംഗ് ബാലൻസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ വാളയാർ, ഗോപാലപുരം, നടുപ്പുണി, ഗോവിന്ദപുരം, മീനാക്ഷിപുരം, കൂട്ടുപുഴ ബംഗ്രമഞ്ചേശ്വരം എന്നീ ചെക്ക് പോസ്റ്റുകളിൽ ബിൽറ്റ് ഓൺ ഓപ്പറേറ്റ് വ്യവസ്ഥയിൽ വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എ ക്ലാസ്, ബി ക്ലാസ്, എന്നീ ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർ വത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. വാളയാറിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഉദ്യോഗസ്ഥരുടെ സേവനം പരമാവധി ഉപയോഗ-പ്പെടുത്തി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കു-ന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. |
| (ഡി) | നടപ്പു വർഷം വിവിധ ചെക്ക്പോസ്റ്റുകളിൽ ഉദ്ദേശിച്ച നികുതി പിരിവ് എത്ര; നാളിതുവരെ എത്ര പിരിച്ചു; നാളിതുവരെ ഏറ്റവും കൂടുതൽ തുക നികുതിയിനത്തിന് പിരിച്ചെടുത്ത ചെക്ക്പോസ്റ്റ്, ഏറ്റവും കുറഞ്ഞ തുക പിരിച്ചെടുത്ത ചെക്ക്പോസ്റ്റ് ഏതെല്ലാമെന്ന് അറിയിക്കുമോ; | (ഡി) | ചെക്ക്പോസ്റ്റുകൾക്ക് മാത്രമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 2014-15 സാമ്പത്തികവർഷം മുൻകൂർ നികുതിയിനത്തിലും സെക്യൂരിറ്റി ഡെപ്പോസിറ്റിലുമായി 30.11.2014-വരെ 728.95 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മറ്റു വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയാത്തതുമൂലം ചെക്ക്പോസ്റ്റുകൾ വഴി വ്യാജമദ്യം, കഞ്ചാവ്, ഉൾപ്പെടെ പാൻമസാല ഉല്പന്നങ്ങൾ, സ്പിരിറ്റ്; വെടിക്കോപ്പുകൾ ഉൾപ്പെടെ വെടിമരുന്നുകൾ, കോഴികൾ, കാലികൾ തുടങ്ങിയവ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; | (ഇ)<br>&<br>(എഫ്) | വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ കഴിയാത്തതുകൊണ്ടു മാത്രമല്ല, ചരക്കുകൾ ചെക്ക്പോസ്റ്റുവഴിയല്ലാതെ നികുതി വെട്ടിച്ച് കടത്തുന്നത്. ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായ ഊടുവഴികളിലൂടെ സാധനങ്ങൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിന് ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് വേണ്ടിയും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടിയും വാണിജ്യ നികുതി വകുപ്പ്, എക്സൈസ്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് നിലവിൽ വന്നുകഴിഞ്ഞു. |
| (എഫ്) | എങ്കിൽ ഇതു തടയുവാൻ വകുപ്പുകളുടെ പ്രവർത്തനം ഏകോപിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

4191
16/12/14

ചെക്പോസ്റ്റുകളുമായി ബന്ധപ്പെട്ട കേസുകളിൽ താഴെപറയുന്ന ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

1. കെ.ബി.അനിയൻ, വാണിജ്യ നികുതി ഇൻസ്പെക്ടർ
2. വി.പി. ബാലകൃഷണൻ, ഇന്റലിജൻസ് ഓഫീസർ
3. എം. ഗുരുവായൂരപ്പൻ, വാണിജ്യ നികുതി ഇൻസ്പെക്ടർ
4. ആർ. ഗോപാലകൃഷണ പിള്ള, വാണിജ്യ നികുതി ഇൻസ്പെക്ടർ
5. പി.കെ. ജയകുമാർ, വാണിജ്യ നികുതി ഇൻസ്പെക്ടർ
6. കെ. കൃഷ്ണൻ. ഒ.എ, ഓഫീസ് അറ്റൻഡന്റ്
7. എം. രാധാകൃഷ്ണൻ, ഓഫീസ് അറ്റൻഡന്റ്
8. പി. രാജീവ്, വാണിജ്യ നികുതി ഇൻസ്പെക്ടർ
9. കെ. ശശികുമാർ, ഇന്റലിജൻസ് ഓഫീസർ
10. വി.എൻ. നളിനി, അസിസ്റ്റന്റ് കമ്മീഷണർ
11. റെജി, അസിസ്റ്റന്റ് കമ്മീഷണർ
12. എം. സുമംഗല, വാണിജ്യ നികുതി ഓഫീസർ
13. ബാബു അശോക് കുമാർ, വാണിജ്യ നികുതി ഇൻസ്പെക്ടർ
14. ജെ. സുകു, വാണിജ്യ നികുതി ഇൻസ്പെക്ടർ
15. അനൂപ് എം പണിക്കർ, വാണിജ്യ നികുതി ഇൻസ്പെക്ടർ
16. സബീർ മുഹമ്മദ്, വാണിജ്യ നികുതി ഇൻസ്പെക്ടർ
17. രാജേഷ്. ബി, വാണിജ്യ നികുതി ഇൻസ്പെക്ടർ
18. റ്റി. അജയകുമാർ, ഓഫീസ് അറ്റൻഡന്റ്
19. പി.എം. ബിനോജ്, ഓഫീസ് അറ്റൻഡന്റ്
20. സുൾഫിക്കർ, ഓഫീസ് അറ്റൻഡന്റ്
21. അനിൽ കുമാർ, ഓഫീസ് അറ്റൻഡന്റ്
22. എസ്. ലാൽ, വാണിജ്യ നികുതി ഇൻസ്പെക്ടർ
23. ആന്റണി വാസ്, വാണിജ്യ നികുതി ഇൻസ്പെക്ടർ
24. എം. കൃഷ്ണാനന്ദ്, ഓഫീസ് അറ്റൻഡന്റ്